## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 437 — 19.10.2011-ൽ മറുപടിയ്ക്ക്

### '' അഗ്രോ തൊഴിൽ സേന പദ്ധതി''

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ:<br>ശ്രീ.കെ.ശിവദാസൻ നായർ:<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.കെ.അച്യുതൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) അഗ്രോ തൊഴിൽ സേന പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ നൽകുമോ; | എ) കേന്ദ്ര സർക്കാരിന്റെ രാഷ് ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി നാലു ജില്ലകളിൽ 'അഗ്രോ തൊഴിൽ സേന' ആരംഭിക്കുന്നതിന് 160 ലക്ഷം രൂപ കേന്ദ്ര സർക്കാരിന്റെ സഹായം അനുവദിച്ചിട്ടുണ്ട്. |
| ബി) കാർഷിക മേഖലയിൽ നിന്നും വിട്ടുനിൽക്കുന്ന യുവതീയുവാക്കൾക്ക് നൂതന സാങ്കേതിക വിദ്യയിലും കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിലും പരിശീലനം നൽകാൻ നടപടി സ്വികരിക്കുമോ; | ബി) കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനും, കാർഷിക മേഖലയിൽ നിന്നും വിട്ടുനിൽക്കുന്ന യുവതീയുവാക്കൾക്ക് കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യയിലും കാർഷിക യന്ത്രങ്ങളിലും ആവശ്യമായ പരിശീലനം നൽകി അവരുടെ സേവനം ഉപയോഗിച്ച് കൃഷി രീതി കൂടുതൽ ലളിതവും ലാഭകരവുമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് RKVY പദ്ധതിയിൽ ഉൾപ്പെടുത്തി 'മെക്കനൈസ്ഡ് ലേബർ ബാങ്ക് (അഗ്രോ തൊഴിൽ സേന) എന്ന പദ്ധതി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ആരംഭിച്ചിരിക്കുന്നത്. |
| സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | സി) ആദ്യപടിയായി തിരുവനന്തപുരം ജില്ലയിൽ തൊഴിൽസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ തൊഴിൽ സേന ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ